പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4463 — 13.11.2019 ന് മറുപടിയ്ക്ക്.

## വനമേഖലയിലെ ഖനനത്തിന് ദൂരപരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനങ്ങളുടെ പത്ത് കിലോമീറ്റർ ദൂരപരിധിയിൽ ഖനനം പാടില്ല എന്ന നിയമത്തിന് മാറ്റം വരുത്തി ഒരു കിലോമീറ്റർ ദൂരപരിധിയാക്കി മാറ്റുന്ന വിഷയം സർക്കാർ പരിഗണ നയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും അതിർത്തിയിൽ നിന്ന് 10 കി.മീറ്റർ ദൂരപരിധിയിൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതിയോടെ മാത്രമെ ഖനനം പാടുള്ളൂ എന്ന കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ചുറ്റും പരിസ്ഥിതി സംവേദക മേഖലകൾ പ്രഖ്യാപിച്ച് വിജ്ഞാപനം പ്രാബല്യത്തിൽ വരുന്നതുവരെ മാത്രമാണ്.<br><br>31.10.2019-ലെ സർക്കാർ ഉത്തരവ് (കൈ) നം29/2019/വനം (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റുമുള്ള 0 മുതൽ 1 കി.മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീം കോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിവിധ സമിതികൾ നടത്തിയ പഠനത്തിലെ ഡാറ്റാ, NCESS നൽകിയ ഡാറ്റാ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള തീരുമാനത്തിലൂടെ പരിസ്ഥിതിക്ക് എന്തെല്ലാം പ്രത്യാഘാതങ്ങൾ | | പരിസ്ഥിതി സംവേദക മേഖലകളുടെ ദൂരപരിധി, പരിസ്ഥിതി സംവേദക മേഖലകളുടെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, |

| | | | |
|---|---|---|---|
| | ഉണ്ടാകുമെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) & (സി) | പരിസ്ഥിതി സംവേദക മേഖലകൾ കൊണ്ട് സംരക്ഷിത വനങ്ങൾക്കുണ്ടാകുന്ന ഗുണകരമായ കാര്യങ്ങൾ, കൂടാതെ പരിസ്ഥിതിയ്ക്കുണ്ടാകുന്ന പ്രയോജനങ്ങളും പ്രത്യാഘാതങ്ങളും തുടങ്ങിയവ വിലയിരുത്തിയാണ് കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| (സി) | ഇത്തരത്തിലുള്ള തീരുമാനം കൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാവുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വ്യക്ത മാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

File No.FWLD-D2/46/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, മറ്റ് സംരക്ഷിത പ്രദേശങ്ങൾ എന്നിവയ്ക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം.29/2019/വനം തീയതി,തിരുവനന്തപുരം, 31/10/2019

---

പരാമർശം:- 1 29/06/2011-ലെ സ.ഉ.(കൈ) നം.25/2011/FWLD.

2 13/05/2013-ലെ 12881/ഡി2/2012/FWLD നമ്പർ സർക്കാർ കത്ത്.

3 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 02/02/2019-ലെ WL 3- 23824/12 നമ്പർ കത്ത്.

**ഉത്തരവ്**

ഗോവ ഫൗണ്ടേഷൻ സമർപ്പിച്ച റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 460/2004-ൽ, 2006 ഡിസംബർ 4-ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം ദേശീയ പാർക്കുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമുള്ള ഇക്കോസെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 9.2.2011-ലെ കത്ത് എഫ്. നമ്പർ 1-9/2007 പ്രകാരം പുറത്തിറക്കി. ആയത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോണുകളിൽ ചില പ്രവർത്തനങ്ങൾക്ക് പരിധി വെക്കുകയും, വാണിജ്യ ഖനനം, മരങ്ങൾ വെട്ടിമാറ്റുക, തടി മില്ലുകൾ സ്ഥാപിക്കുക, മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങൾ എന്നിവ നിയന്ത്രിക്കുകയും വേണം. മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ ചില പ്രവർത്തനങ്ങൾ ഈ മേഖലകളിൽ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്.

2. ഇക്കോ സെൻസിറ്റീവ് സോൺ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. എന്നാൽ, ഇക്കോ സെൻസിറ്റീവ് സോണിന്റെ അന്തിമ പദ്ധതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിന് വിധേയമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രഖ്യാപിത ഇക്കോ സെൻസിറ്റീവ് സോൺ മേഖലയിൽ വ്യവസായിക അധിഷ്ഠിത ഖനനം, ക്വാറികൾ, മലിനീകരണം ഉളവാക്കുന്ന സംരംഭങ്ങൾ, പുതിയ ജലവൈദ്യുത പദ്ധതികൾ എന്നിവയ്ക്ക് ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണ്.

3. പരാമർശം (1)–ലെ ഉത്തരവുപ്രകാരം ഓരോ വന്യജീവി സങ്കേതത്തിനും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണുകളിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി വന്യജീവി വാർഡൻ കൺവീനറായും ഇക്കോളജിസ്റ്റും ബി.ഡി.ഒ.യും തഹസീൽദാരും അംഗങ്ങളായും 2011–ൽ സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന്, ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയ കരട് നോട്ടിഫിക്കേഷനുകൾ 08/05/2013–ൽ മന്ത്രിസഭാ യോഗം പരിഗണിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)–ലെ കത്തു പ്രകാരം 2 2 സംരക്ഷിത പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ 13/05/2015–ൽ കേന്ദ്ര വനമന്ത്രാലയത്തിലേക്ക് സമർപ്പിക്കുകയുമുണ്ടായി.

4. സർക്കാർ 2015–ൽ സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംരക്ഷിത പ്രദേശങ്ങൾക്കായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു. തുടർന്ന് 2016–ൽ ന്യൂഡൽഹിയിൽ നടന്ന വിദഗ്ധ സമിതി യോഗത്തിൽ കേരള സർക്കാർ സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ പരിഗണിക്കുകയുണ്ടായി. എന്നാൽ, വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ

സമയബന്ധിതമായി നൽകാത്തതിനെ തുടർന്ന് കരട് വിജ്ഞാപനങ്ങൾ 2018-ഓടെ കാലഹരണപ്പെടുകയും ചെയ്തു. ആയതിനാൽ, സ്ഥിരസ്ഥിതിയായി 10 കി.മീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിറുത്തണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം നിലവിൽ കേരളത്തിനും ബാധകമാണ്.

5. പരാമർശം (3) കത്ത് പ്രകാരം പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ വീണ്ടും സമർപ്പിച്ച 17 കരട് പ്രൊപ്പോസലിൽ "സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കി കൊണ്ട്, നിലവിലുള്ള വനപ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് (directive) വിരുദ്ധമാകയാൽ കേന്ദ്ര വനമന്ത്രാലയം അംഗീകരിക്കില്ല. ഒരു മേഖലയെ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്ന ലക്ഷ്യത്തെ മേൽ ശുപാർശ പൂർണ്ണമായും പരാജയപ്പെടുത്തുന്നു". സംരക്ഷിത പ്രദേശത്തോട് നിശ്ചിത ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, ഇക്കോ സെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യങ്ങളും സംസ്ഥാന പരിസ്ഥിതി സുരക്ഷയും സംരക്ഷണവും നിറവേറ്റില്ല. ഒരു ഇക്കോ സെൻസിറ്റീവ് സോണിൽ ജനമേഖലകൾ ഉൾപ്പെടുത്തുന്നതിലൂടെ ജനങ്ങളുടെ അടിസ്ഥാന വികസനം അല്ലെങ്കിൽ ഉപജീവനപ്രവർത്തനങ്ങളെയൊന്നും ബാധിക്കില്ല. സംരക്ഷിത വന്യജീവികളുടെയും പരോക്ഷമായി പ്രദേശവാസികളുടെയും ജീവൻ അപകടത്തിലാക്കുന്ന വ്യവസായിക / വാണിജ്യ പ്രവർത്തനങ്ങൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത്.

6. 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിലോല/ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും, അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും

കെട്ടിടങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു. ഇക്കഴിഞ്ഞ മൺസൂൺ കാലത്തും ഉണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇത് അടിവരയിടുന്നു. അതിനാൽ, അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ ജനവാസമേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്.

7. 08/05/2013-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മനുഷ്യവാസ കേന്ദ്രങ്ങളെ ഒഴിവാക്കി ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ സംരക്ഷിത പ്രദേശങ്ങളുടെ ഇക്കോ സെൻസിറ്റീവ് സോണിനെ സംബന്ധിച്ച് കരട് വിജ്ഞാപനം പരിഷ്കരിക്കേണ്ടതുണ്ട്. എല്ലാ സംരക്ഷിത പ്രദേശങ്ങളിലും 1 - 3 കി.മീ വരെ ഇക്കോസെൻസിറ്റീവ് സോൺ നൽകിക്കൊണ്ട് നിർദ്ദേശങ്ങൾ പരിഷ്കരിക്കണോ എന്ന തീരുമാനിക്കുമ്പോൾ ആയതിനുള്ള രീതികളെയും (modus operandi) ഉപയോഗിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചും ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതി ഉപയോഗിക്കുന്ന ചില മാനദണ്ഡങ്ങളിൽ സസ്യങ്ങളുടെയും ജന്തുജാലങ്ങളുടെയും സമൃദ്ധി / അപൂർവ്വത / പ്രാദേശികത, പ്രദേശത്തിന്റെ ചരിവ്, ഭൂപ്രകൃതി, നദികളുടെ ഉത്ഭവം, ഭൂവിനിയോഗം എന്നിവ ഉൾപ്പെടുന്നു. വിവിധ Government of India-യുടെ വിദഗ്ധ സമിതികൾ, National Centre for Earth Science Studies (NCESS), 2011-ലെ Government Of Kerala-യുടെ വിദഗ്ധ സമിതി എന്നിവ നടത്തിയ പഠനങ്ങളിൽ നിന്നുള്ള ഡാറ്റയും ലഭ്യമാണ്.

8. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത്, സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോ മീറ്റർ വരെ (0 to 1 km) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന്

അംഗീകാരം നൽകി ഉത്തരവാകുന്നു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സുപ്രീംകോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വിവിധ വിദഗ്ധ സമിതികളും (കേന്ദ്ര സർക്കാരിന്റെ വിദഗ്ധ സമിതി, 2011-ൽ സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി) നടത്തിയ പഠനത്തിലെ ഡാറ്റ, NCESS നൽകിയ ഡാറ്റ എന്നിവ അടിസ്ഥാനമാക്കി കരട് വിജ്ഞാപനം തയ്യാറാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, കേരള.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യ ജീവി) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

പൊതുഭരണ എസ്.സി വകുപ്പ് ( 23.10.2019 –ലെ ഇനം നമ്പർ 3427)

പരിസ്ഥിതി വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ